بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ

# *Khuthba Summary* 13.06.14 ഖുത്ബ സംഗ്രഹം

**സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ്**

*13.06.14 ന് ജർമ്മനിയിൽ നിർവഹിച്ച ജുമുഅ ഖുത്ബയുടെ സംഗ്രഹം*

# അതിഥി സൽകാരം ജൽസയിൽ മാത്രമല്ല; തുടർന്നും നിലനിറുത്തണം

**ഇ**ന്ന് അല്ലാഹുവിന്റെ അനുഗ്രഹത്താൽ ജർമനീ ജൽസ സാലാന ഈ ഖുത്ബയോടു കൂടി ആരംഭിക്കുകയാണ്. ദൈവാനുഗ്രഹത്താൽ ജൽസയിൽ പങ്കെടുക്കുന്നവരുടെ എണ്ണം ഓരോ വർഷവും വർധിക്കാറുണ്ട്. اِنْ شَآءَاللّٰہُ ഈ വർഷവും വർധനവുണ്ടാകുമെന്ന് പ്രതീക്ഷിക്കുകയാണ്. ഉണ്ടാകേണ്ടതുമാണ്. കാരണം എല്ലാ അഹ്മദികളും ജൽസയിൽ പങ്കെടുക്കണമെന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ) ഉം ആവർത്തിച്ചാവർത്തിച്ച് പറഞ്ഞിട്ടുള്ളതാണ്. ജമാഅത്തിന്റെ അംഗസംഖ്യ വർധിക്കുന്നതോടൊപ്പം ജൽസയുടെ ഹാജർ നിലയും വർധിക്കേണ്ടതാണ്. വിഷമങ്ങൾ സഹിച്ചിട്ടാണെങ്കിലും അതിൽ പങ്കെടുക്കാൻ എത്തേണ്ടതാണ്. ജൽസയ്ക്കുള്ള അവസരം അല്ലാഹു നല്കിയിട്ടുള്ള നിങ്ങൾ സൗഭാഗ്യരാണ്. പാക്കിസ്ഥാനിൽ ജൽസയ്ക്ക് നിയന്ത്രണമുണ്ട്. ഈ നിയന്ത്രണങ്ങൾ നീങ്ങിയിരുന്നെങ്കിൽ തങ്ങൾക്കും ജൽസ സംഘടിപ്പിക്കാനും അങ്ങനെ ഹദ്റത്ത് മസീഹ് മൗഊദ്(അ)പറഞ്ഞ ജൽസയുടെ ഉദ്ദേശ്യങ്ങൾ കരസ്ഥമാക്കാനും ഹദ്റത്ത് മസീഹ് മൗഊദ്(അ) ജൽസയിൽ പങ്കെടുക്കുന്നവർക്കുവേണ്ടി ചെയ്ത ദുആകളിൽ ഉൾപ്പെടാനും കഴിയുമായിരുന്നല്ലോ എന്നൊക്കെയോർത്ത് അവിടെത്തെ അഹ്മദികൾ അസ്വസ്ഥരാണ്. ചില അതിഥികളും പാക്കിസ്ഥാനിൽ നിന്ന് ഇവിടെ വന്നിട്ടുണ്ട്. അവരെന്നെ കണ്ടു; സ്ത്രീകളും പുരുഷന്മാരും. തങ്ങൾക്ക് ഈ അനുഗ്രഹങ്ങൾ നിഷേധിക്കപ്പെട്ടിരിക്കുന്നു എന്ന് പറഞ്ഞ് അവർ ഏങ്ങലടിച്ചു കരയുകയായിരുന്നു. തങ്ങൾക്കും ഈ അനുഗ്രഹം കിട്ടാൻ ദുആ ചെയ്യാനും അവർ പറയുന്നുണ്ടായിരുന്നു.

എന്തായാലും ഞാനെപ്പോഴും പറയാറുള്ളതുപോലെ, പാക്കിസ്ഥാനിലെ അഹ്മദികൾക്ക് ഈ ബുദ്ധിമുട്ടുകളിൽ നിന്ന് പെട്ടെന്ന് പുറത്തു വരണമെങ്കിൽ അവർ മുമ്പത്തെക്കാളുപരി അല്ലാഹുവിന്റെ മുമ്പിൽ കുനിയേണ്ടതാണ്. അല്ലാഹുതആല എത്രയും വേഗം അനുഗ്രഹത്തിന്റെ സാഹചര്യം ഒരുക്കുമാറാകട്ടെ. അക്രമികളുടെ അക്രമത്തിൽ നിന്നും ശത്രുക്കളുടെ എതിർപ്പിൽനിന്നും നമുക്ക് മോചനം നല്കുമാറാകട്ടെ. ഇതെല്ലാം ഉണ്ടാകേണ്ടത് ദുആ മുഖേനയാണ്. ഇക്കാര്യം കരസ്ഥമാക്കാൻ ദുആ അല്ലാതെ ഒരു ആയുധവുമില്ല.

ജൽസയുടെ പരിപാടികളിൽനിന്ന് പൂർണമായും ഫലമെടുക്കുക. ഇവിടെ കണ്ടതും കേട്ടതുമായ നല്ല കാര്യങ്ങൾ ജൽസാ ദിനങ്ങളിലും ജൽസയ്ക്കു ശേഷവും നിങ്ങളുടെ ജീവിതത്തിന്റെ ഭാഗമാക്കുക. ക്ഷമയോടുകൂടി ദീൻ അന്വേഷിച്ച് കണ്ടെത്താനും ദീൻ മാത്രം ആഗ്രഹിക്കാനുമാണ് ഹദ്റത്ത് മസീഹ് മൗഊദ്(അ)ജൽസയുടെ ഉദ്ദേശ്യമായി പറഞ്ഞിട്ടുള്ളത്. അതായത് ജൽസയിൽ പങ്കെടുക്കുന്ന ഓരോരുത്തരും അല്പസ്വല്പ ബുദ്ധിമുട്ടുകളും വിഷമങ്ങളും സഹിക്കേണ്ടി വന്നാൽ സഹിക്കുമെന്നും 'ഞങ്ങളോടു അങ്ങനെ പെരുമാറി ഇങ്ങനെ പെരുമാറി' തുടങ്ങിയുള്ള അക്ഷമയുടെ ഒരു വാക്കും പറയുകയില്ലെന്നുമുള്ള നിയ്യത്തോടുകൂടി വരിക.

അതുകൊണ്ട് ജൽസയിൽ വരുന്നവർ ഞാൻ ആദ്യവും പറയുകയുണ്ടായി, തങ്ങളെ പരിശോധിക്കുക. ഹദ്റത്ത് മസീഹ് മൗഊദ്(അ) നമ്മളിൽ കാണാൻ ആഗ്രഹിച്ച നിലവാരം എത്രത്തോളം നമ്മൾ കരസ്ഥമാക്കാൻ ശ്രമിക്കുന്നുവെന്ന് നോക്കുക. അല്ലാഹുവിനോടുള്ള കടമകളും മനുഷ്യരോടുള്ള കടമകളും നിർവഹിക്കുന്നതിന്റെ കർമപരമായ പ്രകടനം സാധ്യമാകുന്ന സാഹചര്യം ജൽസാ ദിനങ്ങളിൽ അല്ലാഹു തആലാ ഒരുക്കിത്തന്നിരിക്കുകയാണ്. പിന്നീട് ഈ കർമപരമായ പ്രകടനത്തെ ജീവിതത്തിന്റെ സ്ഥായിയായ ഭാഗമാക്കാൻ ശ്രമം ഉണ്ടാകണം. اِنْ شَآءَاللّٰہُ ഈ മാസത്തിന്റെ അവസാനം പരിശുദ്ധ റമളാനും ആരംഭിക്കുകയാണ്. അത് കർമപരമായ ശിക്ഷണത്തിന്റെ മാസമാണ്. ഈ ദിനങ്ങളിലെ അനുഗ്രഹങ്ങളെ പരിശുദ്ധ റമളാനിലെ മഹത്തായ അനുഗ്രഹങ്ങളുമായി ബന്ധപ്പെടുത്താൻ ശ്രമിക്കുകയാണെങ്കിൽ നമ്മളിൽ ഒരു ആത്മീയ വിപ്ലവം ഉണ്ടാകാൻ സാധ്യതയുണ്ട്. ഈ ഉദ്ദേശ്യത്തോടെയല്ല ജൽസയിൽ വന്നിട്ടുള്ളതെങ്കിൽ അല്ലെങ്കിൽ ഈ ദിനങ്ങൾ ഒരു മാറ്റവും ഉണ്ടാക്കാത്തതാണെങ്കിൽ അല്ലെങ്കിൽ അതിനുവേണ്ടി ശ്രമിച്ചിട്ടില്ലെങ്കിൽ ഈ ജൽസയിൽ വരുന്നതും വരാതിരിക്കുന്നതും ഒരുപോലെയാണ്. എന്നല്ല ചിലപ്പോൾ നഷ്ടത്തിന് കാരണമാകാനും ഇടയുണ്ട്. ഒരു ജനക്കൂട്ടംതന്നെ വഞ്ചിതരായേക്കാം.

പറഞ്ഞു, സഹനവും ജൽസയിൽ പങ്കെടുക്കുന്നതിന്റെ യഥാർഥ ഉദ്ദേശ്യവും മുന്നിലുണ്ടെങ്കിൽ സ്വന്തം ഈമാനിൽ അഭിവൃദ്ധി ഉണ്ടാകുമെന്ന് മാത്രമല്ല ഒത്തിരി ആളുകളുടെ ഈമാനിൽ വർധനവിനും സന്മാർഗത്തിനും കാരണക്കാര

നാകുന്നതുമാണ്. അല്ലാഹുവിന്റെ അനുഗ്രഹത്താൽ അഹ്മദിയ്യാ ലോകത്ത് ഇപ്പോൾ എല്ലായിടത്തും ജൽസ സംഘടിപ്പിക്കുന്നുണ്ട്. ഒരുപാട് രാഷ്ട്രങ്ങളിലെ വലിയ ജമാഅത്തുകളിൽ ജൽസ നടന്നു വരുന്നുണ്ട്.

വിവിധ സമുദായങ്ങളിൽ നിന്നും വിവിധകുലങ്ങളിൽ നിന്നും ഹദ്റത്ത് മസീഹ് മൗഊദു(അ)മായി ബന്ധം വെക്കുന്നവർ കാരണത്താൽ ലോകത്ത് വ്യാപിച്ചുകൊണ്ടിരിക്കുന്ന സന്മാർഗം നമ്മളേയും അല്ലാഹുവിന്റെ സന്നിധിയിൽ കുനിയുന്നവരാക്കിത്തീർക്കുന്നു. ഈമാൻ നഷ്ടപ്പെടുത്തുന്ന ഏതെങ്കിലും ദുർവൃത്തൻ ഉണ്ടായാൽ തന്നെയും വിശ്വസിക്കുന്ന നൂറുക്കണക്കിന് ഭാഗ്യവാന്മാരുമുണ്ട്. ഹദ്റത്ത് മസീഹ് മൗഊദി(അ)ന്റെ കാലത്തും അതിന് ഉദാഹരണങ്ങളുണ്ടായിരുന്നു. ഇന്നും ഉണ്ട്. ഇപ്പോൾ ഞാൻ ഒരു ഉദാഹരണം പറയുകയാണ്. ആയിരക്കണക്കിന് മൈലുകൾക്കപ്പുറത്തിരിക്കുന്ന ആളുകൾ വിശ്വസിക്കുകയും വിശ്വാസത്തിൽ ആഭിവൃദ്ധിപ്പെട്ടുകൊണ്ടിരിക്കുകയും ചെയ്യുന്നു. അവരിൽ അധികമാളുകളും കാലത്തിന്റെ ഖലീഫയെപോലും കണ്ടിട്ടുണ്ടാകുകയില്ല. കണ്ടിട്ടുള്ളവരാണെങ്കിൽ കണ്ടിട്ട് 25, 30 വർഷം കഴിഞ്ഞിട്ടുണ്ടാകും. പക്ഷേ, ഇവരെങ്ങനെയാണ് ഹിദായത്തിന് കാരണക്കാരായിത്തീരുന്നത്. വിശ്വാസത്തിൽ എങ്ങനെയാണ് ഇവർ അഭിവൃദ്ധിപ്പെട്ടുകൊണ്ടിരിക്കുന്നത്. അതു കാണുമ്പോൾ അത്ഭുതപ്പെട്ടുപോകുന്നു.

സിയറാ ലിയോണിലെ(SIERRA LEONE) ഒരു സംഭവമാണ്. 'കോട്ട്ലോക്കോ' റീജിയണിലെ മുഅല്ലിം എഴുതുന്നു: 'കൈഫേ ചിയോഡം' ലെ ചീഫ് ഇമാമും ഡപ്യൂട്ടി ചീഫ് ഇമാം ശേയ്ഖ് ആദമും ജമാഅത്തിന്റെ കഠിനവിരോധികളായിരുന്നു. നമ്മുടെ ലോക്കൽ ജമാഅത്തിന്റെ മുഅല്ലിം ശേയ്ഖ് ഇബ്റാഹീം തോറെ സാഹിബ് അവരുമായി ജമാഅത്തിന്റെ വിഷയങ്ങൾ ചർച്ച ചെയ്യാറുണ്ടായിരുന്നു. സിയറാലിയൂൺ ജമാഅത്തിന്റെ വാർഷിക സമ്മേളനം അടുത്തുവന്നു. മുഅല്ലിം സാഹിബ് ചീഫ് ഇമാമിനേയും ഡപ്യൂട്ടി ചീഫ് ഇമാം ശേയ്ഖ് ആദമിനേയും സമ്മേളനത്തിൽ പങ്കെടുക്കാൻ ക്ഷണിച്ചു. ചീഫ് ഇമാം നിഷേധിച്ചു. എന്നാൽ, ഡപ്യൂട്ടി ചീഫ് ഇമാം 'ശേയ്ഖ് ആദം' ക്ഷണം സ്വീകരിച്ചു. അങ്ങനെ അദ്ദേഹം സമ്മേളനത്തിനു വന്നു. ജൽസയുടെ ആദ്യ ദിവസം ആളുകൾ തഹജ്ജുദ് നമസ്കാരത്തിനായി സംഘടിച്ചപ്പോൾ- അതൊരു വലിയ ജനക്കൂട്ടമായിരുന്നു- നമസ്ക്കാരത്തിൽ വിശുദ്ധ ഖുർആൻ പാരായണം കേട്ടപ്പോൾ, അല്ലാഹുവിന്റെ തിരുസന്നിധിയിൽ അഹ്മദികൾ കരഞ്ഞു വിലപിച്ച് ദുആ ചെയ്യുന്നത് കണ്ടപ്പോൾ അദ്ദേഹം പറയുന്നു: "എന്റെ ഹൃദയം ഉരുകിപ്പോയി. ഈ അടയാളങ്ങളും ആളുകൾ ആരാധനാകർമങ്ങളിൽ ഇത്രമാത്രം മുഴുകുന്നതും വിളിച്ചു പറയുന്നുണ്ട് ഇവർ സത്യവാന്മാരും സത്യവാന്മാരുടെ ജമാഅത്തുമാണെന്ന്. ഭൗതികരുടേയും അസത്യവാന്മാരുടേയും ജമാഅത്ത് ഇങ്ങനെ ആകുകയില്ല."

വീണ്ടും മുഅല്ലിം സാഹിബ് പറയുന്നു: ഞാൻ അദ്ദേഹത്തോടു ആദ്യ സെഷനുശേഷം ചോദിച്ചു, 'ഈ ജൽസ താങ്കൾക്ക് എങ്ങനെ അനുഭവപ്പെട്ടു. അദ്ദേഹം പറഞ്ഞു: 'അഹ്മദികളും ജമാഅത്തിന്റെ പാരമ്പര്യങ്ങളും എന്നെ വല്ലാതെ ആകർഷിച്ചിരിക്കുന്നു. ഞാൻ അഹ്മദിയായിരിക്കുന്നു. എന്റെ എല്ലാ സംശയങ്ങളും അകന്നിരിക്കുന്നു." അദ്ദേഹം തിരിച്ചുപോയി, അഹ്മദിയ്യാ ജമാഅത്ത് പ്രവർത്തിക്കുന്നതും പ്രചരിപ്പിക്കുന്നതുമാണ് 'യഥാർഥഇസ്ലാം'എന്ന് പറഞ്ഞ് തന്റെ നാട്ടിലും തബ്ലീഗ് ചെയ്യാൻ തുടങ്ങി. അദ്ദേഹത്തിന്റെ ഇമാം അദ്ദേഹത്തോടു ദ്വേഷപ്പെട്ടു. അദ്ദേഹത്തെ പുറത്താക്കുകയും ചെയ്തു. അദ്ദേഹം പറഞ്ഞു: 'സത്യം എനിക്കു കിട്ടി. ഇനി ഞാൻ ജമാഅത്തിനുവേണ്ടി എല്ലാം ഉപേക്ഷിക്കുന്നതാണ്. സത്യത്തോടൊപ്പം നില്ക്കുന്നതാണ്.' അല്ലാഹുവിന്റെ അനുഗ്രഹത്താൽ അദ്ദേഹം മുഖേന അദ്ദേഹത്തിന്റെ നാട്ടിൽ ധാരാളം അഹ്മദികളും ഉണ്ടായിട്ടുണ്ട്.

ഒരു ജൽസ ഒരാളെ അഹ്മദിയാക്കി. അദ്ദേഹം കാരണത്താൽ നൂറുക്കണക്കിന് ആളുകൾക്ക് അഹ്മദിയാകാനും കാലത്തിന്റെ ഇമാമിനെ വിശ്വസിക്കാനും തൗഫീഖ് കിട്ടി. ഇപ്പോൾ ശേയഖ് ആദം സാഹിബ് ജൽസ മുഖേന അഹ്മദിയായ കാരണത്താൽ തന്റെ പേര് 'ശേയ്ഖ് ആദം ജൽസ' എന്നു വെച്ചിരിക്കുകയാണ്.

അതുകൊണ്ട് ജൽസ ഒത്തിരി ആദമുമാരെ സൃഷ്ടിക്കുന്നു. അല്ലാഹു അവരുടെ അവസ്ഥകളിൽ മാറ്റം വരുത്തി പുതിയ ഭൂമികളും പുതിയ ആകാശവുമാക്കുന്നു. നമ്മളും ചിന്തിക്കേണ്ടതാണ്. നമ്മളിൽ അധികമാളുകളും ജന്മനാ അഹ്മദികളാണ്. നമ്മൾ നമ്മുടെ അവസ്ഥയെ നന്നാക്കിത്തീർക്കേണ്ടതാണ്.

ജൽസയുടെ അനുഗ്രഹങ്ങളാണ് ലോകത്ത് വെളിപ്പെട്ടുകൊണ്ടിരിക്കുന്നത്. അഹ്മദിയ്യാ ലോകത്ത് ഇപ്പോൾ നന്മയിൽ മുൻകടക്കാനുള്ള ഒരു കുതിപ്പുണ്ടായിരിക്കുന്നു. ഈ ഓട്ടത്തിൽ പിന്നിലാകാതിരിക്കാൻ നിങ്ങളും ശ്രമിക്കുക. നഗരങ്ങൾ തമ്മിൽ മത്സരം നടന്നിരുന്ന ഒരു കാലമുണ്ടായിരുന്നു. ഇപ്പോൾ രാജ്യങ്ങൾ തമ്മിലാണ് മത്സരം. അല്ലാഹു അയച്ച ആളുടെ വിഷമം മനസ്സിലാക്കി തങ്ങളുടെ അവസ്ഥയിൽ മാറ്റമുണ്ടാക്കാൻ ശ്രമിക്കുന്നവരാണ് അല്ലാഹുവിന്റെ സാമീപ്യം പ്രാപിക്കുന്നവർ.

ഇനി ഞാൻ പ്രവർത്തകരോട് പ്രത്യേകിച്ചും അതിഥിസൽക്കാരവുമായി ബന്ധപ്പെട്ട പ്രവർത്തകരോട് കുറച്ചു കാര്യങ്ങൾ പറയാനാഗ്രഹിക്കുകയാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ)ആദ്യമെതന്നെ തുറന്ന ഹൃദയത്തോടെ ആതിഥ്യമരുളുന്ന ആളായിരുന്നു. അതിഥികളെ കുറിച്ച് അല്ലാഹു ആ മഹാത്മാവിനോട് പറഞ്ഞു, 'അതിഥികൾ വരുമ്പോൾ ക്ഷീണിച്ചു പോകരുത്. വെപ്രാളപ്പെടുകയുമരുത്.' അല്ലാഹുവിന്റെ ഈ മൊഴി അല്ലാഹു അതിഥി സൽക്കാരം ഏല്പിച്ചിട്ടുള്ള ആ മഹാത്മാവിന്റെ പ്രവർത്തകനും ബാധകമാണ്. അവർ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ കാലത്തും ഉണ്ടായിരുന്നു. ആ മഹാത്മാവിന് ശേഷം വരുന്നവരുമുണ്ട്. ഇത് അവർക്ക് അനുഗ്രഹങ്ങൾ കരസ്ഥമാക്കാനുള്ള അവസരങ്ങളാണ്.

അതുകൊണ്ട് ഈ ദിനങ്ങളിൽ അതിഥികളെ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ജൽസയിൽ മാത്രമല്ല. സാധാരണ ദിനങ്ങളിലും. വിശുദ്ധ ഖുർആൻ നമുക്ക് ഹദ്റത്ത് ഇബ്റാഹീം (അ)ന്റെ അതിഥി സൽക്കാരം പറഞ്ഞു തരുന്നുണ്ട്. പറഞ്ഞു, ആതിഥ്യം നല്കട്ടെ, എന്ന് അതിഥികളോടു ചോദിക്കരുത്.

ഒരു തരത്തിലുള്ള ചെലവും ഭയക്കരുത്. അതിഥി സൽക്കാരം നല്കേണ്ടതാണ്. അദ്ദേഹത്തിന്റെ സുഖസൗകര്യങ്ങൾ ശ്രദ്ധിക്കേണ്ടതാണ്. നബി(സ)തിരുമേനിയും അതിഥി സൽക്കാരത്തെ ഉപദേശിച്ചിട്ടുണ്ട്. മദീനയിൽ താമസിക്കുന്ന തന്റെ സ്വഹാബാക്കൾ വെളിയിൽനിന്നു വന്ന അതിഥികളെ ശ്രദ്ധിക്കുകയും, തങ്ങളെക്കാൾ കൂടുതൽ അവരുടെ സുഖസൗകര്യങ്ങൾ ഗൗനിക്കുകയും തങ്ങളുടെ കഴിവുകൾക്കതീതമായി അവരെ നോക്കുകയും അവരെ സൽക്കരിക്കുകയും ചെയ്തുവെന്ന് അറിഞ്ഞാൽ നബി(സ)തിരുമേനിയുടെ മുഖം വിളങ്ങുമായിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉദാഹരണങ്ങളും നമ്മുടെ മുമ്പിലുണ്ട്.

അതുകൊണ്ട് ആതിഥ്യത്തിന്റെ പ്രാധാന്യം മനസ്സിലാക്കാൻ ഇവിടെത്തെ സംഘാടകരോടും ഞാൻ പറയുകയാണ്. ഇവിടെ ജൽസദിനങ്ങളിലെ അതിഥിസൽകാരമാണ് ഒന്ന്.

രണ്ടാമത്തെ അതിഥിസൽക്കാരമെന്നു പറയുന്നത് സാധാരണ ദിനങ്ങളിലേതാണ്. ഞാൻ പറയുകയുണ്ടായി, സാധാരണ ദിനങ്ങളിലെ അതിഥി സൽക്കാരത്തിനുവേണ്ടി ഹദ്റത്ത് മസീഹ് മൗഊദ്(അ)അതിഥികളുടെ ആവശ്യങ്ങളനുസരിച്ച്, അവരുടെ ജീവിത ശൈലിയനുസരിച്ച് ആതിഥ്യം നല്കാൻ ശ്രമിക്കാറുണ്ടായിരുന്നു. അതുകൊണ്ട് ബന്ധപ്പെട്ട സംഘാടകരും ഇതിലേക്ക് ശ്രദ്ധിക്കേണ്ട ആവശ്യമുണ്ട്. ആർക്കെങ്കിലും ഭക്ഷണം കൊടുത്തതുകൊണ്ട് അതിഥി സൽക്കാരത്തിന്റെ കടമ നിറവേറ്റപ്പെടുന്നില്ല. എന്നല്ല അതിഥിയെ സേവിക്കുന്നതിന്റെ കടമ തന്നെയും നിറവേറ്റപ്പെടുകയില്ല.

ഹുദൂർ അയ്യദഹുല്ലാഹു തആലാ ബിനസ്രിഹിൽ അസീസ് ഖുത്ബയുടെ അവസാനം പറഞ്ഞു: ജൽസയെ കുറിച്ച് പറയുമ്പോൾ ഇക്കാര്യം ഓർക്കേണ്ടതാണ്. നിങ്ങളിലെ ഓരോരുത്തരും നിങ്ങളുടെ പരിസരം ഗൗനിച്ചുകൊണ്ടിരിക്കണം. ജൽസയിൽ പങ്കെടുക്കാൻ എത്തിയിട്ടുള്ള എല്ലാവരും ഡ്യൂട്ടിയിലുള്ള പ്രവർത്തകരോട് പൂർണമായും സഹകരിക്കുക. സെക്യൂരിട്ടിയുടെ പ്രശ്നങ്ങൾ എല്ലായിടത്തുമുണ്ട്. അതുകൊണ്ട് ജാഗ്രതപാലിക്കേണ്ടതാണ്. അല്ലാഹു ഈ ജൽസയെ എല്ലാ വിധത്തിലും വിജയിപ്പിക്കുമാറാകട്ടെ. ജൽസയുമായി ബന്ധപ്പെട്ടിരിക്കുന്ന എല്ലാ അനുഗ്രഹങ്ങളേയും എല്ലാവരും സ്വരുക്കൂട്ടുന്നവരായിത്തീരട്ടെ. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വരവിന്റെ ഉദ്ദേശ്യം പൂർത്തിയാക്കുന്നവരായി മാറട്ടെ. ആ മഹാത്മാവിന്റെ പ്രതീക്ഷയ്ക്കൊത്ത് നമുക്ക് ജീവിതം നയിക്കാൻ സാധിക്കട്ടെ. അല്ലാഹു നമുക്ക് തൗഫീഖ് നല്കുമാറാകട്ടെ.

Friday Sermon delivered by **Hadrath Khaleefathul Masih Alkhamis** (atba)
at Germany – on 13.06.14
Summarized by Nazarath Nashr-O-Isha'ath, Qadian
Malayalam Translation : Mau.Muhammad Ismail Alleppey For Malayalam Desk,Qadian.

If Undelivered Please Return To
Nazarath Nashr-O-Isha'ath,
Sadr Anjuman Ahmadiyya
Qadian, 143516,
Gurdaspur-Dt, Punjab-St

To